# KUTTIATTOOR ALP SCHOOL
# KUTTIATTOOR
# ACADEMIC MASTER PLAN
# 2022-27

# സ്കൂൾ വികസനരേഖ

ആഹ്ലാദകരമായ അന്തരീക്ഷത്തിൽ മുഴുവൻ വിദ്യാർഥികൾക്കും ഗുണനിലവാരവും മൂല്യാധിഷ്ഠിതവുമായ വിദ്യാഭ്യാസം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ സ്വയം സ്വായത്തമാക്കാനുള്ള അവസരം ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്. സർക്കാർ, പൊതുവിദ്യാഭ്യാസവകുപ്പ്, SSK, പ്രാദേശികഭരണകൂടം ഇവയുടെ കാലിക നിർദ്ദേശങ്ങൾക്കനുസൃതമായും വിദ്യാലയസമൂഹത്തിന്റെ തനതു കാഴ്ചപ്പാടുകൾ ഉൾക്കൊള്ളിച്ചും സാർഥകമായ വിദ്യാലയപ്രവർത്തനങ്ങൾക്കായി സ്കൂൾവികസനരേഖയും, അക്കാദമിക് മാസ്റ്റർപ്ലാനും രൂപീകരിക്കേണ്ടതുണ്ട്. വിദ്യാലയത്തിന്റെ ശക്തിയും പരിമിതിയും തിരിച്ചറിഞ്ഞ് ആസൂത്രിതവും, കാലാനുസൃതവുമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി ഭാവിയുടെ വാഗ്ദാനങ്ങളെ ചിന്താശക്തിയും, പ്രതികരണശേഷിയും കർമ്മശേഷിയുള്ളവരുമാക്കി മാറ്റാൻ കരുത്ത് പകരുന്നതാവട്ടെ സ്കൂൾ വികസനപദ്ധതിയും അക്കാദമിക് മാസ്റ്റർപ്ലാനും.

## വിഷൻ

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനവശ്യമായ ശേഷികളും, ധാരണകളും, മനോഭാവങ്ങളും, രൂപീകരിച്ച് പുതുമാതൃകകൾ സൃഷ്ടിച്ച് മുന്നേറാനുള്ള അടിത്തറ ഭദ്രമാക്കി വിമർശനാത്മകപ്രതികരണങ്ങളിലൂടെയും പ്രതിഫലനാത്മക ചിന്തകളിലൂടെയും അറിവുകൾ സ്വായത്തമാക്കി മുന്നേറാൻ പുതുതലമുറയെ പ്രാപ്തരാക്കുക.

## മിഷൻ

- നിശ്ചിതപഠനശേഷികൾ കൈവരിക്കുന്നതോടൊപ്പം മൂല്യങ്ങൾ, മനോഭാവങ്ങൾ, ജീവിതനൈപുണ്യങ്ങൾ, ഇവ ആർജിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- അവസരസമത്വം, ലിംഗസമത്വം, തുല്യത, നീതി മുതലായവ ഭരണഘടനാപരിരക്ഷയെക്കുറിച്ച് ബോധവാന്മാരക്കുകയും സ്വജീവിതത്തിൽ പ്രാവർത്തകമാക്കുന്നതിനും സാധ്യമാക്കുക.
- അധ്യാപക, രക്ഷാകർത്തൃ, പൂർവ്വവിദ്യാർത്ഥി, വിദ്യാർഥി കൂട്ടായ്മയിലൂടെയും, സാമൂഹ്യഇടപെടലിലൂടെയും വിദ്യാലയത്തെ സാമൂഹ്യസാംസ്കാരിക മികവു കേന്ദ്രമാക്കി മാറ്റുക.
- പ്രദേശത്തിന്റെ സാമൂഹ്യചുറ്റുപാടിൽ ചേർന്ന് ഗുണാത്മകവും ക്രയാത്മകവും ആയ സന്നദ്ധപ്രവർത്തനങ്ങൾ സംഘടിപ്പിച്ച് സാമൂഹ്യപുരോഗതിക്ക് സംഭാവനകൾ നൽകുക.
- ശാസ്ത്രബോധത്തിലധിഷ്ഠിതമായി രൂപപ്പെടുത്തുന്ന ജീവിതക്രമത്തിൽ സഹജിവിസ്നേഹം, ഭയം,അനുകമ്പ, അനുതാപം, സാമൂഹ്യനീതി ബന്ധത ഇവ വളർത്താൻ പ്രാപ്തരാക്കുക.
- വിദ്യാലയാന്തരീക്ഷം കാലാനുസൃതമായി മെച്ചപ്പെടുത്തി പ്രദേശത്തെ മുഴുവൻ കുട്ടികളെയും സ്കൂളിലേക്ക് ആകർഷിക്കുക.

| ശക്തി | പരിമിതി |
|---|---|
| • പഞ്ചായത്തിന്റെ ഹൃദയഭാഗത്തായതിനാൽ എല്ലാഭാഗത്തു നിന്നും ഗതാഗത സൗകര്യം | • ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ അപര്യാപ്തത |
| • ശക്തമായ മാനേജ്മെന്റും PTAയും | • സ്പെലിസ്റ്റ് അധ്യാപകരുടെ അഭാവം (കല, കായികം,പ്രവൃത്തിപരിചയം) |
| • പ്രവർത്തനോത്സുകരായ അധ്യാപകർ | • കായിക ഉപകരണങ്ങൾ, കളിസ്ഥലം അപര്യാപ്തത |
| • മികച്ച വിദ്യാലയന്തരീക്ഷതും ഭൗതിക സാഹചര്യവും | • ലാബ് സൗകര്യം |
| • സമ്പന്നമായ പൂർവ്വവിദ്യാർത്ഥിസമ്പത്ത് | • പൂർത്തിയാകാത്ത് ചുറ്റുമതിൽ |
| • സഹകരണാത്മക മനോഭാവമുള്ള പൊതുസമൂഹം | • ഫർണിച്ചറുകളുടെ ഗുണമേന്മ |
| • മികച്ച, പാചകവും, ലൈബ്രറി | • പുതുക്കി പണിയേണ്ട കെട്ടിടങ്ങൾ |
| • സ്കൂൾ വാഹനങ്ങൾ | • ഭക്ഷണശാല, മീറ്റിംഗ് ഹാൾ അപര്യാപ്തത |
| • ആകർഷകമായ പാർക്ക് പൂന്തോട്ടം | • വേനൽക്കാലത്തെ പൊടിപടൽ അന്തരീക്ഷം |

## സ്കൂൾ ചരിത്രം

1901 ൽ ചാത്തോത്ത് ചന്തുനമ്പ്യാർ സ്ഥാപിച്ച വിദ്യാസയം ചാത്തോത്ത് അനന്തൻ നമ്പ്യാരിലൂടെ ഇന്നത്തെ സ്ഥിതിയിലേക്ക് പടിപടിയായി ഉയർന്നുവന്നു. ഒന്നുമുതൽ അഞ്ച് വരെക്ലാസുകളിലായി ശരാശരി 200നും 300നും ഇടയിൽ കുട്ടികൾ പഠനം നടത്തി വന്നിട്ടുണ്ട്. പ്രാദേശികരായ അധ്യാപകർതന്നെയായിരുന്നു ആദ്യകാലങ്ങളിൽ ഭൂരിഭാഗവും.. 1936 ൽ ഹയർഎലിമെന്ററിയായി ഉയർത്താനുള്ള ശ്രമം വിജയിച്ചില്ല. 2016 മുതൽ പ്രീ പ്രൈമറിയും ഇംഗ്ലീഷ് മീഡിയവും ആരംഭിച്ചു. 2001 ൽ ശതവാർഷികആഘോഷം ഒരുവർഷത്തെവ വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കുകയുണ്ടിയി. 22021ൽ PRE KCR കെട്ടിടം പൊളിച്ച് 6 ക്ലാസ് മുറികളുള്ള പുതിയ കെട്ടിടം നിർമ്മിച്ചു.

## അവസ്ഥാ വിശകലനം

**കുട്ടികൾ** : കുറഞ്ഞ കുട്ടികളുമായാണ് വിദ്യാലയം ആരംഭിച്ചതെന്ന് രേഖകളിൽ കാണുന്നു. ആദ്യ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ഉയർന്ന വിഭാഗക്കാരായിരുന്നെങ്കിലും 1930 മുതൽ മുസ്ലീംവിഭാഗത്തിൽപെട്ടവരും 1960 മുതൽ എല്ലാ വിഭാഗം കുട്ടികളും പഠിച്ചിരുന്നതായി കാണുന്നു. 60കളിൽ 200ഓളം കുട്ടികൾ ഉണ്ടായിരുന്നത് 90കളിൽ 350നടുത്തും പിന്നീട് കുറഞ്ഞ് 2015ൽ 150ൽ താഴെയുമായി പിന്നീട് വീണ്ടും

വർധിച്ച് 200നടുത്ത് എത്തി. 195 വിദ്യാർത്ഥികളാണ് 2022-23ൽ 1 മുതൽ 5 വരെ മലയാളം ഇംഗ്ലീഷ് മീഡിയം ക്ലാസുകളിലായി പഠിക്കുന്നത്.

**അധ്യാപകർ** : ആദ്യകാല അധ്യാപകർ മുന്നോക്ക വിഭാഗത്തിൽപെട്ടവരായിരുന്നെങ്കിലും പിന്നീട് എല്ലാ വിഭാഗക്കാരും അധ്യാപകരായി ചേർന്നു ആദ്യഘട്ടത്തിൽ രണ്ടും നാലും അധ്യാപകരായിരുന്നെങ്കിൽ അത് 80കളിൽ 11 പേരിലെത്തി. പിന്നീട് കുറഞ്ഞ് 6 പേർ ആയത് ഇപ്പോൾ വീണ്ടും 12 പേരിലെത്തി നിൽക്കുന്നു.

പി ടി എ : മികച്ച പി ടി എ പണ്ടുമുതൽ തന്നെ വിദ്യാലയത്തിന്റെ പ്രത്യേകതയായിരുന്നു. സ്കൂൾ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും, മെച്ചപ്പെടുത്തുന്നതിനും പി ടി എ മികച്ചതാണ്.

**മാനേജ്മെന്റ്** : നിലവിലുള്ള സ്ഥിതിയിലേക്ക് സ്കൂൾ ഉയർത്തിയ അനന്തൻ മാസ്റ്റർക്ക് ശേഷം മകൾ രമണിഭായ് ആണ് ഇപ്പോളത്തെ മാനേജർ. സ്കൂളിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് മാനേജ്മെന്റ് എന്നും താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പുതിയ കെട്ടിടം അതിന്റെ മികച്ച ഉദാഹരണങ്ങളിലൊന്നാണ്.

**SJ CIBAKM SRG** : സ്കൂളിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും, പ്രധാനപങ്ക് SJ CIBAKM SRG യും തന്നെ. ഈ കൂട്ടായ്മയാണ് വിദ്യാലയപ്രവർത്തന മികവിന് ആധാരം.

**ഭൗതികം** : മെച്ചപ്പെട്ട ഭൗതികസാഹചര്യമാണ് വിദ്യാലയത്തിനുള്ളത്. PRE CER കെട്ടിടം പൊളിച്ച് 2021-22 അധ്യയനവർഷം പുതിയ കെട്ടിടം പണിതു. ആകെ ഇപ്പോൾ 13 ക്ലാസ് മുറികൾ ഉണ്ട്. പൂന്തോട്ടം, പാർക്ക്, സ്കൂൾ മുറ്റത്ത് പടർന്നുപന്തലിച്ചു നിൽക്കുന്ന മാവ് ഇവയൊക്കെയാൽ ആകർഷകമാണ് സ്കൂൾ ചുറ്റുപാട്. 2 ഭാഗം ചുറ്റുമതിൽ പണതിട്ടുണ്ട്. ആകർഷകമായ കവാടം എടുത്ത് പറയേണ്ടതാണ്.

**അക്കാദമിക് മാറ്റം** : വളരെ പണ്ട് മുതൽ തന്നെ അക്കാദമിക് മികവ് പുലർത്തിയുരന്ന വിദ്യാലയം ഇന്നും അത് തുടർന്നുവരുന്നു.

## LSS നേട്ടം ( 10 വർഷത്തെ)

| | |
|---|---|
| 2013-14 - Nil | 2018-19 - 2 |
| 2014-15 - Nil | 2019-20 - 8 |
| 2015-16 - Nil | 2020-21 - 8 |
| 2016-17 - Nil | 2021-22 - 7 |
| 2017-18 - 2 | 2022-23 - |

**ഉച്ചഭക്ഷണം** : 1960കളിൽ ഉപ്പുമാവിലൂടെ ആരംഭിച്ച ഉച്ചഭക്ഷണപദ്ധതി 80കളിൽ ഉച്ചക്കഞ്ഞിയായും 2010 ഓടെ ചോറ്, 2 കറികൾ, മുട്ട, പാൽ എന്നിവയിലെത്തി നിൽക്കുന്നു.

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറി | 13 | പ്രീപ്രൈമറി കെട്ടിടം |
| ടോയ്‌ലറ്റ് | 6 | 4 |
| യൂറിനൽസ് | 14 | 16 |
| ഭക്ഷണശാല | – | വേണം |
| പാചകപ്പുര | ഉണ്ട് | – |
| കുടിവെള്ള സംവിധാനം | പൊതുവിൽ | ഫിൽട്ടർ ചെയ്തത് ക്ലാസ് മുറികളിൽ |
| ചുറ്റുമതിൽ | ഭാഗികം | പൂർണ്ണമാക്കണം |
| റാമ്പ് | ഉണ്ട് | – |
| സ്മാർട്ട് റൂം | ഭാഗികം | മെച്ചപ്പെടുത്തണം |
| ലാബ് | – | വേണം |
| ലൈബ്രറി | ഭാഗികം | മെച്ചപ്പെടുത്തണം |
| സാങ്കേതിക ഉപകരണങ്ങൾ | ഭാഗികം | എല്ലാ ക്ലാസ് മുറികളിലും വേണം |
| കളിസ്ഥലം/കളിയുപകരണങ്ങൾ | കളിസ്ഥലം ഉണ്ട് | കളിയുപകരണം വേണം |
| പൂന്തോട്ടം | ഉണ്ട് | മെച്ചപ്പെടുത്തണം |
| പാർക്ക് | ഉണ്ട് | മെച്ചപ്പെടുത്തണം |
| മീറ്റിംങ് ഹാൾ | ഇല്ല | വേണം |
| ഫർണിച്ചർ | ഭാഗികം | മെച്ചപ്പെടുത്തണം |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

വിദ്യാലയത്തിന്റെ സർവ്വത്രാമുവമായ പുരോഗതിക്ക് അടിസ്ഥാനം പഠനമികവ് തന്നെയാണ്. കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് പഠനം ആഹ്ലാദകരവും, ക്രിയാത്മകവും, നിർമ്മാണാത്മകവും ആക്കുന്നതിന് മികച്ച പഠനാന്തരീക്ഷമൊരുക്കുന്നതിനും, പഠനമികവ് കൈവരിക്കുന്നതിനും അക്കാദമിക് മാസ്റ്റർപ്ലാൻ രൂപപ്പെടേണ്ടതുണ്ട്.

## വിഷൻ

സ്കൂൾ പ്രദേശത്തെ മൂന്നുവയസ്സിനും പത്തുവയസ്സിനും ഇടയിലുള്ള ഭിന്നശേഷിക്കാർ ഉൾപ്പെടെ മുഴുവൻ കുട്ടികളുടെയും സർവ്വതോന്മുഖമായ പുരോഗതിക്കൊപ്പം സമൂഹപരിവർത്തനത്തിന്റെ ചാലകശക്തിയായി വർത്തിക്കാൻ സാധിക്കുന്നതരത്തിൽ അറിവ് നിർമ്മാണ വിനിമയവർത്തനങ്ങൾ മൂല്യാധിഷ്ഠിതവും, പ്രക്രിയബന്ധിതവും, സഹകരണാത്മകവുമായി മാറ്റിക്കൊണ്ട് സജീവ പങ്കാളിത്തം ഉറപ്പിക്കുക.

## മിഷൻ

- അഞ്ചാം തരം പൂർത്തിയാകുന്ന മുഴുവൻ കുട്ടികളെയും, നിർദ്ദിഷ്ട ഭാഷാവിനിമയത്തിനും, (എഴുത്ത്,വായന) ചതുഷ്ക്രിയകൾ ഉൾപ്പെട്ട പ്രാഥമിക ഗണിതക്രിയകൾ ചെയ്യുന്നതിനും, പ്രശ്നനിർധാരണശേഷി കൈവരുത്തുന്നതിനും പ്രാപ്തരാക്കുക.
- ശാസ്ത്രീയ ബോധത്തിലധിഷ്ഠിതമായ യുക്തിചിന്ത, പരീക്ഷണ, നിരീക്ഷണ പാടവം എന്നിവ ആർജിക്കുക.
- ഇംഗ്ലീഷ് ഭാഷ അനായാസകരമായി കൈകാര്യം ചെയ്യാനുള്ള കഴിവ്.

- ജീവിതനൈപുണികൾ ആർജിക്കുന്നതോടൊപ്പം മാനവികമൂല്യങ്ങൾക്ക് പ്രാധാന്യം നൽകുക.
- സർഗ്ഗാത്മക, കല, കായിക പ്രവർത്തനങ്ങളിൽ മികവ് പ്രകടമാക്കുക.

| | പ്രവർത്തനങ്ങൾ | അക്കാദമിക്/ ഭൗതികം/ സാമൂഹ്യം | ഉപഭോക്താക്കൾ | കാലയളവ് | സംഘാടനം | തുക |
|---|---|---|---|---|---|---|
| 1 | ഭാഷാകിരണം | അക്കാദമികം | 3,4,5 Class | July to Dec | Class To SRG | - |
| 2 | Sweet English | അക്കാദമികം | 3,4,5 Class | July to Dec | Class to English Club | 2000 |
| 3 | അക്ഷരഹാരം | അക്കാദമികം | 1,2 Class | July to Dec | Class To SRG | - |
| 4 | രസഗണിതം | അക്കാദമികം | 3,4,5 | July to Dec | Class To ഗണിത ക്ലബ് | 500 |
| 5 | ശാസ്ത്രപഥം | അക്കാദമികം | 4,5 | July to Dec | Class To ശാസ്ത്ര ക്ലബ് | 1000 |
| 6 | സർഗ്ഗാത്മക അഭിനയ കളരി | അക്കാദമികം/ സാമൂഹികം | 3,4,5 | 1st term<br>2nd term<br>3rd term | SRG | 6000 |
| 7 | ജീവിത നൈപുണി | സാമൂഹികം | 3,4,5 | 3rd term | PTA | Colle tion |
| 8 | ഫീൽഡ്ട്രിപ്പുകൾ പ്രകൃതി നടത്തം നാടിനെ അറിയാൻ | അക്കാദമികം/ സാമൂഹികം | എല്ലാ ക്ലാസുകളും | പാഠഭാഗവുമായി ബന്ധപ്പെട്ട് | Class To SRG | 10000 |
| 9 | ലൈബ്രറി ശാക്തീകരണം കുഞ്ഞുക്കൈയിൽ കുഞ്ഞുപുസ്തകം | അക്കാദമികം/ സാമൂഹികം | എല്ലാ ക്ലാസുകളും | മുഴുവൻ സമയം | Class To PTA | സമാഹരണം |
| 10 | പഠനോപകരണ നിർമ്മാണ ശിൽപ്പശാല സമിശ്രയജ്ഞം | സാമൂഹികം | എല്ലാ ക്ലാസുകളും | 1st term | Class To SRG | 8000 |
| 11 | സഹവാസ ക്യാമ്പ് | സാമൂഹികം | 4,5 Class | 3rd term | SRG | 20000 |
| 12 | സ്റ്റഡിടൂർ | സാമൂഹികം | (I,II) (III,IV,V) | 3rd term | SRG, PTA | സമാഹരണം |
| 13 | ഹരിതവിദ്യാലയം | സാമൂഹികം | - | അധ്യയന വർഷം | SRG, PTA | - |

| | | | | | | |
|---|---|---|---|---|---|---|
| 14 | ഉച്ചഭക്ഷണം | സാമൂഹികം | മുഴുവൻ കുട്ടികളും | അധ്യയന വർഷം | MDMS Committe | സർക്കാർ വിഹിതം, സമാഹരണം |
| 15 | സതീർഥ്യസംഗമം | സാമൂഹികം | - | 2nd term | PTA | |
| 16 | ക്ലബുകൾ വിദ്യാരംഗം ഇംഗ്ലീഷ് ക്ലബ് ഗണിത ക്ലബ് സാമൂഹ്യശാസ്ത്രക്ലബ് സീഡ് മാതൃഭൂമി റേഡിയോ ക്ലബ് അറബിക് ക്ലബ് | അക്കാദമികം | എല്ലാ ക്ലാസുകളും | അധ്യയന വർഷം | (ക്ലബ് കൺവീനർമാർ Class To SRG | 5000 |
| 17 | അസംബ്ലി | അക്കാദമികം | മുഴുവൻ കുട്ടികളും | അധ്യയന വർഷം | ചുമതല SRG | - |
| 18 | ദിനാചരണങ്ങൾ | അക്കാദമികം | മുഴുവൻ കുട്ടികളും | അധ്യയന വർഷം | പ്രതിമാസ ചുമതല SRG | 2000 |
| 19 | സ്ക്വാഡ് പ്രവർത്തനങ്ങൾ | - | മുഴുവൻ കുട്ടികളും | അധ്യയന വർഷം | കൺവീനർ SRG | - |
| 20 | കലാമേള | സാമൂഹികം | തെരഞ്ഞെടുക്കപ്പെട്ടവർ | II Term | ചുമതല SRG | 3000 |
| 21 | കായികമേള | സാമൂഹികം | തെരഞ്ഞെടുക്കപ്പെട്ടവർ | II Term | ചുമതല SRG | 2000 |
| 22 | ശാസ്ത്രമേള | സാമൂഹികം | തെരഞ്ഞെടുക്കപ്പെട്ടവർ | II Term | ചുമതല SRG | 2000 |
| 23 | ആഘോഷങ്ങൾ ദേശീയദിനങ്ങൾ | സാമൂഹികം | മുഴുവൻ കുട്ടികളും | പ്രത്യേക കാലയളവ് | SRG, PTA | 10000 |
| 24 | ചിട്ട, അച്ചടക്കം, ഭിന്നശേഷി സൗഹൃദം, Genral Eqaulity | - | മുഴുവൻ കുട്ടികളും | അധ്യയന വർഷം | ചുമതല SRG | - |
| 25 | യൂണിഫോം | സാമൂഹികം | മുഴുവൻ കുട്ടികളും | അധ്യയന വർഷം | SRG | സമാഹരണം |
| 26 | ശുചിത്വആരോഗ്യം | - | മുഴുവൻ കുട്ടികളും | - | Nodel Officer | - |
| 27 | PTA,MPTA,MDMS,Class PTA ശാക്തീകരണം | സാമൂഹികം | - | - | HM, SRG | - |
| 28 | സ്കൂൾ വാർഷികം | സാമൂഹികം | - | - | SRG, PTA | PTA സമാ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഹ രണം |
| 29 | സ്കൂൾ വാഹനം | – | വാഹനം ഉപയോഗിക്കുന്നവർ | – | Nodel Officer | മാനേജാ മെന്റ് |
| 30 | പാർക്ക്, പൂന്തോട്ടം | ഭൗതികം | – | 2വർഷം | SRG, PTA Management | പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ |
| 31 | സ്മാർട്ട് റൂം കംമ്പ്യൂട്ടർ ലാബ്, ഹോം തിയറ്റർ,ഭക്ഷണശാല, മീറ്റിംഗ് ഹാൾ | ഭൗതികം | – | 5വർഷം | PTA Management | MLA, MP Fund |